**കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ വികസനം**

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയതിന്റെ ഭാഗമായി ഇവയുടെ അടിസ്ഥാന സൗകര്യവികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ കൗണ്ടറുകൾ സൗകര്യപ്രദമായ പ്രൈമറി സെക്കൻഡറി വെയിറ്റിംഗ് ഏരിയ (രോഗികൾക്കുള്ളതുപോലെ കൂടെ വന്നവർക്കുള്ള കാത്തിരിപ്പ് സ്ഥലം), സൗകര്യപ്രദമായ ഇരിപ്പിടങ്ങൾ (എയർപോർട്ട് മോഡൽ കസേരകൾ) തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്. അതോടൊപ്പം കുടിവെള്ള സൗകര്യം രോഗികൾക്കുള്ള ടോയ്‌ലറ്റ് സൗകര്യം (ഭിന്നശേഷി സ്ത്രീ സൗഹൃദമടക്കം) മുലയൂട്ടൽ മുറി, ആരോഗ്യ ബോധവൽക്കരണത്തിനുള്ള ടെലിവിഷൻ, പബ്ലിക് അഡ്രസ്സ് സിസ്റ്റം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. ചികിത്സ ചിട്ടയായും ഗുണമേന്മയോടെയും ലഭ്യമാക്കുന്നതിന് നഴ്സ് പ്രീ-ചെക്ക് റൂം, സൗകര്യം ഉള്ള പരിശോധന മുറികൾ, ലാബ് സൗകര്യങ്ങൾ അടക്കമുള്ള ലബോറട്ടറികൾ ആസ്ത്മ, ശ്വാസം മുട്ടൽ രോഗങ്ങൾക്ക് ഉള്ള ശ്വാസ് ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക്കുകൾ തുടങ്ങിയവയ്ക്കുള്ള സൗകര്യങ്ങളും ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന് ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഏതൊക്കെ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ബി) | 2017-18-ലെ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട് വഴി 170 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് 23 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ കോട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 2 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>2018-19-യിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പ്രവർത്തനങ്ങൾക്ക് 203 സ്ഥാപനങ്ങൾക്കായി 28 കോടി 55 ലക്ഷം രൂപയ്ക്ക് ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കുക എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നന്നാമുക്ക് പി.എച്ച്.സി., മലപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രം, പെരിങ്ങളം കണ്ണൂർ എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾക്കായി 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ